**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3693** **12-03-2025 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ വയലട പ്രദേശത്തേക്ക് കെ.എസ്.ആർ. ടി. സി. ബസ്സ് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ ആദിവാസി ജനവിഭാഗങ്ങൾ താമസിക്കുന്ന വയലട പ്രദേശത്തേക്ക് താമരശ്ശേരി കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നുമുള്ള ബസ് സർവ്വീസ് നിലവിൽ നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ബാലുശ്ശേരി മണ്ഡലത്തിലെ വയലട പ്രദേശത്തേക്ക് താമരശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും 07:00 മണിയ്ക്കുള്ള വയലട ട്രിപ്പ് നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. എന്നാൽ 15:40 മണിയുടെ കോഴിക്കോട് - വയലട ട്രിപ്പിനെ ആശ്രയിക്കുന്ന യാത്രക്കാരുടെ എണ്ണം കുറയുകയും പ്രവർത്തന ചെലവ് പോലും ലഭ്യമാകാതിരുന്ന സാഹചര്യത്തിലാണ് നിർത്തലാക്കിയത്. |
| (ബി) | വിനോദസഞ്ചാര കേന്ദ്രവും, ട്രൈബൽ ജനവിഭാഗങ്ങൾ താമസിക്കുന്നതുമായ വയലട പ്രദേശത്തേക്ക് കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ അടിയന്തരമായി പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | പ്രസ്തുത ട്രിപ്പ് പ്രവർത്തന ചെലവ് പോലും ലഭ്യമാകാതിരുന്ന സാഹചര്യത്തിലാണ് നിന്നുപോയതെങ്കിലും ജനോപകാരപ്രദമായ രീതിയിൽ പുനഃക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുന്ന കാര്യം യാത്രാവശ്യം അനുസരിച്ച് സാധ്യതാപഠനം നടത്തി പുനഃപരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ